കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9/1745/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി-13.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തച്ചമ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :തച്ചമ്പാറ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചമ്പാറഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി9/1745/2017 തിയ്യതി: 13.11.2017

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-12-2016 മുതൽ 20-8-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2016-17)

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ - കെ എൻ വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം - 06-07-2017 മുതൽ 13-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | കെസി.ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | എം.ശിവപ്രസാദ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി. സുജാത കെ റ്റി | 1.4.2016 മുതൽ 31.3.2017 വരെ |

സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി.വി.ചിത്രാ പ്രസന്നൻ | 1.4.2016AN മുതൽ 30.5.2016FN വരെ |
| 2 | ശ്രീ. സി.കെ.ഹരിദാസൻ | 1.6.2016AN മുതൽ 25.8.2016FN വരെ |
| 3 | ശ്രീമതി. വി.ചിത്രാ പ്രസന്നൻ | 26.8.2016AN മുതൽ 8.12.2016FN വരെ |
| 4 | ശ്രീ. സജി തോമസ് | 8.12.2016AN മുതൽ 24.3.2017FN വരെ |
| 5 | ശ്രീ. എം.ഹരികൃഷ്ണൻ | 24.3.2017AN മുതൽ 31.3.2017FN വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ/ശ്രീമതി.സാജിദലി.പി | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.രമ്യ | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ | മുഹമ്മദലി | 1.4.2016 മുതൽ 31.3.2017വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | കാർത്ത്യായനി.എ | 1.4.2016 മുതൽ 20.4.2016 വരെ |
| ,, | കണ്ണമ്മ | 21.4.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | രജേഷ്.സി.പി | 1.4.2016 മുതൽ 26.5.2016 വരെ |
| ,, | അബ്ദുൾ അസ്സീസ് | 27.5.2016 മുതൽ 21.6.2016 വരെ |

| | | |
|---|---|---|
| ,, | സിത്താര.പി | 21.6.2016 മുതൽ<br>31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.മുനീർ ബാബു | 1.4.2016 മുതൽ<br>31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.റഹിയാനത്ത് | 1.4.2016 മുതൽ<br>31.3.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ദിവ്യ.പി | 1.4.2016 മുതൽ<br>31.3.2017 വരെ |
| അസി സെക്രട്ടറി | വി.ചിത്രാ പ്രസന്നൻ | 1.4.2016 മുതൽ<br>3.12.2016 വരെ |
| ,, | രജീഷ് കുമാർ.പി | 3.12..2016 മുതൽ<br>21.12.2017 വരെ |
| ,, | ആർ.ജോസ് | 21.12.16 മുതൽ<br>26.3.2017വരെ |
| ,, | രാജ് മോഹൻ പോറ്റി.കെ | 27.3.2017 മുതൽ<br>31.3.2017വരെ |

## ഉള്ളടക്കം

ഭാഗം 1

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 2 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-2 |
| 3 | പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ | 2-3 |
| 4 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 2-4 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പ്ലാൻ ഫണ്ട് പിൻവലിച്ച് പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. | 3-1 |
| 2 | പദ്ധതിക്കായി തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചതിനുള്ള രേഖകൾ സൂക്ഷിക്കാത്തത്-സംബന്ധിച്ച് | 3-2 |
| 3 | പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. | 3-3 |
| 4 | തുകകളുടെ വിനിയോഗം, പദ്ധതികളുടെ പൂർത്തീകരണ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല. | 3-4 |
| 5 | വികസന ഫണ്ട് തുകകൾ ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്നു. | 3-5 |
| 6 | സാന്ത്വന പരിപാലന പരിപാടി - അവലോകനം | 3-6 |
| 7 | അംഗണവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-7 |
| 8 | ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം- അവലോകനം | 3-8 |
| 9 | ആയുർവ്വേദ മരുന്നുകൾ കൃത്യസമയത്ത് ലഭ്യമാകുന്നില്ല. | 3-9 |
| 10 | 2015-16ലെ ഹോമിയോ മരുന്നുകൾ ഇന്നേവരെയും ലഭ്യമായിട്ടില്ല. | 3-10 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് ഭരണസമിതി 1/5.2.16 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.3.2017 | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 5559851 |
| വരവ് | 41902148 |
| ആകെ | 47461999 |
| ചെലവ് | 40783568 |
| നീക്കിബാക്കി | 6678431 |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | വിനിയോഗ ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | | 10721012 | 10721012 | 10142705 | 95% |
| "എസ്.സി.പി | | 3778904 | 3778904 | 2700421 | 71% |
| "ടി.എസ്.പി | | 348868 | 348868 | 125000 | 36% |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 3284841 | 3284841 | 1805749 | 55% |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 2852073 | 2852073 | 2204356 | 77% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 6012450 | 6012450 | 5702486 | 95% |
| കെഎൽജിഎസ്ഡിപി | | 3850694 | 3850694 | 2627228 | 68% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 192 | 137 | - | 55 | 71% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 1865015 | 893649 | 47.91% |
| വെറ്ററിനറി സർജൻ | 7 | 7 | 1761900 | 940300 | 53.4% |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3 | 3 | 718877 | 329855 | 46% |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | - | - | - | | - |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 400000 | 400000 | 100% |
| വി.ഇ.ഒ. | 10 | 10 | 5977400 | 2460700 | 41.2% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 4195554 | 3403645 | 81.12% |
| സെക്രട്ടറി | 31 | 23 | 7145221 | 5484771 | 77% |
| പ്രധാനാദ്ധ്യാപിക | - | - | - | - | - |
| അസിസ്റ്റന്റ് എഞ്ചിനീയർ | 100 | 71 | 22508531 | 11853857 | 53% |
| അസിസ്റ്റന്റ്സെക്രട്ടറി | 25 | 7 | 7205500 | 1170000 | 16.23 |
| ഡി.എഫ്.ഐ | 1 | 1 | 250000 | 250000 | 100% |
| ആകെ | 192 | 137 | 52027998 | 27186777 | |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2066811 | 3199874 | 1133063 | (+) 54.82 |
| നികുതിയേതര വരവുകൾ | 309034 | 821319 | 512285 | (+)165.76 |
| ആകെ | 2375845 | 4021193 | 1645348 | (+) 69.25 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാല താമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 4 | 4 | - | ഇല്ല |
| 2 | തൊഴിൽ രഹിത വേതനം | 11 | - | 11 | ഇല്ല |
| 3 | വിധവാ പെൻഷൻ | 50 | 50 | - | ഇല്ല |
| 4 | വികലാംഗ പെൻഷൻ | 24 | 21 | 3 | ഇല്ല |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 1 | ഇല്ല |
| 6 | വാർദ്ധക്യകാല പെൻഷൻ | 252 | 252 | 17 | ഇല്ല |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.7.2017ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 14379/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 28.6.2017 | 5/2017 മുതൽ 6/17 വരെ | ലഭ്യമായില്ല | -- |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.6.2016 | 2011-12to2015-16 | - | -- |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ള അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി | I & II |
| 2 | മാവേലി സ്റ്റോർ | I & II |
| 3 | എസ്.ബി.ഐ., കാഞ്ഞിരപ്പുഴ | I |
| 4 | ബെവ്കോ ഔട്ട്ലെറ്റ് | II |
| 5 | ബി.എസ്.എൻ.എൽ | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ താഴെ പറയുന്ന നാല് മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | മൊബൈൽ ടവർ ഏജൻസിയുടെ പേര് | കുടിശ്ശിക ഈടാക്കാനുള്ളത് |
|---|---|---|
| 1 | ടാറ്റ ടെൽ സർവ്വീസ് | 2008-09 മുതൽ |
| 2 | ഇൻഡസ് ടവർ | 2016-17 |
| 3 | റിലയൻസ് | 2013-14 മുതൽ |
| 4 | എസ്സാർ ടെലകോം സർവ്വീസ് | 2010-11 മുതൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.7.17) കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനും വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽ നിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-3 പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

റവന്യൂ വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ആയതിനാൽ നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന പരസ്യനികുതി, സേവന ഉപനികുതി എന്നിവ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. <u>പരസ്യനികുതി</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിക്കുകയോ പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. <u>സേവന ഉപനികുതി</u>

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ട പ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-4 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ആയതിന് പഞ്ചായത്ത് നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായം നൽകുന്നതിനായി ഫണ്ടിനു വേണ്ടി തുക സ്വരൂപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്ലാൻ ഫണ്ട് പിൻവലിച്ച് പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വീടുകളുടെ വൈദ്യുതീകരണം (236/17) എന്ന പദ്ധതിക്കുവേണ്ടി ട്രഷറി ബിൽ നം.11/31.3.2017 പ്രകാരം 80000/- രൂപ പ്ലാൻ ഫണ്ട് പിൻവലിച്ച് പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. നാളിതുവരെയായും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം നൽകിയിട്ടില്ല. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയതിനുശേഷം ബിൽ മാറി ധനസഹായം തൻ വർഷം തന്നെ നൽകാതെ തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചത് പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം അനുവദിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക നിശ്ചിത ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

## 3-2 പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചതിനുള്ള രേഖകൾ സൂക്ഷിക്കാത്തത്-സംബന്ധിച്ച്

| | |
|---|---|
| പ്രോജക്റ്റ് നം. | S0188/17 |
| പേര് | അംഗ വൈകല്യമുള്ളവർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ |
| അടങ്കൽ | 1,50,000/- |

| | |
|---|---|
| ചെലവ് | 80,000/- |
| ബിൽ നം./തീയതി | 2/16-17/17/3/17 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

മേൽ പറയുന്ന പദ്ധതി വിഹിതം ജില്ലാ പഞ്ചായത്തിലേക്ക് 17.3.17 ന് കൈമാറിയിട്ടുണ്ട്. (യു.ട്ടി.ആർ നം: U000000234522004). ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. കൂടാതെ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ താഴെ പറയുന്ന അർഹത തെളിയിക്കുന്ന രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. 50,000/- രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള കുടുംബത്തിലെ അംഗമായിരിക്കണം.
2. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കാൻ പ്രാപ്തനാണെന്ന് തെളിയിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം.
3. പത്ത് വർഷത്തിനുള്ളിൽ ഈ വാഹനം ലഭിച്ചവരാകരുതെന്ന് സ്ഥിരീകരിക്കുന്ന രേഖ.
4. ഡ്രൈവിങ്ങ് ലൈസൻസ്.

ജില്ലാ പഞ്ചായത്തിലേക്ക് കൈമാറിയ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രവും, മേൽ സൂചിത രേഖകളും ഹാജരാക്കുന്നത് വരെ ഇതിലേക്കായി ചെലവായ 80,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കൊടുക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം. | പദ്ധതി | ട്രഷറി ബിൽ | ചെലവ് തുക | അപാകത |
|---|---|---|---|---|
| 1 | വീട് റിപ്പയർ (എസ്.സി.പി)58/17 | 4/17.10.2016 | 87500/- | ഗുണഭോക്താക്കളുടെ അപേക്ഷ, ധനസഹായത്തിന് അർഹത തെളിയിക്കുന്ന രേഖകൾ, പ്രവർത്തിയുടെ എസ്റ്റിമേറ്റ്, പ്രവർത്തി പൂർത്തീകരിച്ചതിന് ബന്ധപ്പെട്ടവരുടെ സാക്ഷ്യപത്രം, ധനസഹായം വിതരണം |
| 2 | വീട് റിപ്പയർ (എസ്.സി.പി)57/17 | 3/6.102016 &6/6.10.2016 | 25000/- | |
| 3 | വിധവ വീട് റിപ്പയർ (എസ്.സി.പി)65/17 | 5/30.9.2016 | 87500/- | |
| 4 | ഭവന നിർമ്മാണം ((എസ്.സി.പി)54/17 | 1/26.8.2016-200000/- 7/30.9.2016-80000/- 9/11.11.2016-80000/- | 360000/- | |

| | | | | |
|---|---|---|---|---|
| 5 | ഭവനനിർമ്മാണം ടി.എസ്.പി(63/17) | 2/26.8.2016 | 100000/- | ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല. |

ആയതിനാൽ 660000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 തുകകളുടെ വിനിയോഗം, പദ്ധതികളുടെ പൂർത്തീകരണ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതികൾ പ്രകാരം നൽകിയ തുകകളുടെ വിനിയോഗം, പദ്ധതികളുടെ പൂർത്തീകരണ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല.

| പദ്ധതി | തുക | ട്രഷറി ബിൽ |
|---|---|---|
| മുള്ളത്ത്പ്പാറ-കാരക്കാട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (204/17) | 150000 | 21/13.3.17 |
| ഉഴുന്ന് പറമ്പ് ക്ലിനിക്ക്-കുറ്റംമ്പാടം റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (205/17) | 150000 | 12/13.3.17 |
| മമ്പോക്ക്,തോടംകുളം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (206/17) | 150000 | 23/13.3.17 |
| ഉഴുന്ന് പറമ്പ് കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(207/17) | 150000 | 24/13.3.17 |
| ചോലയിൽകുന്ന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(208/17)<br>പൊന്നംകോട്-മലയരുകുന്ന് കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(209/17) | 100000 | 25/13.3.17 |
| മുരിങ്ങേനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(210/17) | 150000 | 26/13.3.17 |
| എടച്ചോല,നെടുമണ്ണ്-ആലകുന്ന് റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (211/17) | 150000 | 27/13.3.17 |
| പുത്തംകുളം - നീലാഞ്ചേരി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (212/17) | 150000 | 28/13.3.17 |

മേൽ പറഞ്ഞ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതികൾ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയതിന് കേരള വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ്, കൈപ്പറ്റ് രശീതി, പദ്ധതികളുടെ പൂർത്തീകരണ രേഖകൾ എന്നിവ പരിശേധനക്ക് ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം 6/17 തീയതി 12.7.2017 നൽകിയിട്ടുണ്ട്. പദ്ധതി തുകകളുടെ വിനിയോഗം പ്രവൃത്തികളുടെ പൂർത്തീകരണം എന്നീ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 വികസന ഫണ്ട് തുകകൾ ചെലവഴിക്കാതെ

## സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്നു.

ആശ്രയ പദ്ധതികൾ പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ബില്ല് മാറിയ വികസന ഫണ്ട് തുകകൾ ചെലവഴിക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്നു. കേരള ഗ്രാമീണ ബാങ്ക് അക്കൗണ്ടിൽ 31.03.2017 തീയതിയിൽ താഴെ പറയുന്ന പ്രകാരം തുകകൾ വരവ് വെച്ചിട്ടുണ്ട്.

| പദ്ധതി | ട്രഷറി ബിൽ | തുക | ബാങ്ക് |
|---|---|---|---|
| ആരോഗ്യം മറ്റ് സേവനങ്ങൾ(67/17) | 41/31.3.2017 | 220037 | കേരളഗ്രാമീണ ബാങ്ക്-അക്കൗണ്ട് -40376101024733 |
| വീട്,വീട് പുനരുദ്ധാരണം,സ്വയം തൊഴിൽ(71/17) | 42/31.3.2017 | 20000 | |

അർഹരായ ഗുണഭോക്താക്കളെ അംഗീകരിച്ച ശേഷം ബിൽ മാറി ധനസഹായം തൻവർഷം തന്നെ നൽകാതെ തുക സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപിച്ചത് പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം അനുവദിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക നിശ്ചിത ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 6/2017/12.7.17)

# 3-6 സാന്ത്വന പരിപാലന പരിപാടി - അവലോകനം

| | |
|---|---|
| പ്രോജകറ്റ് നം. | S076/17 |
| അടങ്കൽ(മൊത്തം) | 5,72,298/- |
| ചെലവ്(മൊത്തം) | 3,29,855/- |

ഗുരുതരമായ രോഗ ബാധിതർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ (സാധാ) നം.3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. രോഗ ബാധിതരുടെ വീടുകൾ സന്ദർശിച്ച് കൊണ്ട് നടപ്പിലാക്കുന്ന ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. പഞ്ചായത്തിലെ സാന്ത്വന ചികിത്സാ പ്രവർത്തനങ്ങളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. പ്രധാന പ്രവർത്തനങ്ങൾ

നിലവിൽ 80 രോഗികളെയാണ് ഹോം കെയർ സംവിധാനത്തിലൂടെ പരിചരിച്ച് വരുന്നത്.രാവിലെ 9.30 മണി മുതൽ വൈകീട്ട് 4.30 മണി വരെയാണ് രോഗബാധിതരുടെ വീട്

സന്ദർശിച്ച് പരിചരണം നടത്തി വരുന്നത്.

14പേർ അടങ്ങുന്ന മെമ്പർമാരും, ആശാ വർക്കർമാരും, മെഡിക്കൽ ഓഫീസർമാരും, ഹെൽത്ത് സ്റ്റാഫും, വളണ്ടിയർമാരും അടങ്ങുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 3 മാസം കൂടുമ്പോഴാണ് പ്രവർത്തനം അവലോകനം ചെയ്ത് അടുത്ത 3 മാസത്തിലേക്കുള്ള തീരുമാനം എടുക്കേണ്ടതെങ്കിലും, 2016-17വർഷത്തിൽ 3 തവണ മാത്രമെ യോഗം ചേർന്നിട്ടുള്ളൂ.ഭക്ഷണം, ഓണറേറിയം, വാഹന വാടക എന്നിവയ്ക്കാണ് വികസന ഫണ്ട് കൂടുതലായി ചെലവഴിച്ചിട്ടുള്ളത്.

2. വാഹന വാടകയ്ക്കായി അധിക നിരക്ക് നൽകി

പാലിയേറ്റീവ് ഹോം കെയർ ആവശ്യങ്ങൾക്കായി സ്വന്തമായി വാഹനം ലഭ്യമായിട്ടില്ല. വാഹന വാടകയ്ക്ക് സർക്കാർ അനുവദിച്ച പരമാവധി നിരക്ക് താഴെ ചേർക്കുന്നു :

| Kilometers (up & down) | പരമാവധി തുക |
|---|---|
| 15-24 | 800 |
| 25-34 | 900 |
| 35-44 | 1000 |
| 45 കി.മി. കൂടുതൽ | 1100 |

ഓഡിറ്റ് കാലയളവിൽ ക്വട്ടേഷൻ ക്ഷണിക്കാതെ വാഹന നമ്പർ KL9 X 6964 ആണ് സ്ഥിരമായി വാടകയ്ക്ക് എടുത്തിട്ടുള്ളത്.ട്രിപ്പ് ഷീറ്റിൽ കി.മീ രേഖപ്പെടുത്തിയിട്ടില്ല. ഓടിയ കി.മീറ്ററിന്റെ അടിസ്ഥാനത്തിൽ വാടക നൽകുന്നതിന് പകരം ഒരു ട്രിപ്പിന് 900/- രൂപ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. പുതുക്കിയ മാർഗ്ഗരേഖ പ്രകാരം 29.10.15 മുതൽ അനുവദിക്കാവുന്ന വാടക നിരക്ക് മേൽ സൂചിത പട്ടികയുടെ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്. അനുവദനീയമായ നിരക്കിൽ നിന്നും അധികരിച്ച് വാഹന വാടക നൽകിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു.വിശദവിവരങ്ങൾ.

| ബിൽ നം./ തീയതി | വൗച്ചർ നം. തീയതി | ഓടിയ ദൂരം | അനുവദ നീയമായത് | അനുവദിച്ചത് | അധികരിച്ച് നൽകിയത് |
|---|---|---|---|---|---|
| 3/16-17 /28.2.17 | 13/24.1.17 | 20കി.മീ. | 800/- | 900/- | 100/- |
| ,, | 16/26.1.17 | 22കി.മീ. | 800/- | 900/- | 100/- |
| ആകെ | | | | | 200/- |

3. വകയിരുത്തിയ തുക ചെലവഴിക്കുന്നതിൽ കുറവ്

പദ്ധതിക്കായി 5,72,298 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 58% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവശ്യകത വിലയിരുത്തി മാത്രം ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതോടൊപ്പം രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.
3. വാഹന വാടക അനുവദനീയമായ നിരക്കിൽ പരിമിതപ്പെടുത്തേണ്ടതാണ്.
4. വാടകയിനത്തിൽ ചെലവ് കുറയ്ക്കുവാനായി മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിക്കുകയും, പി.എം.സി അംഗീകരിക്കേണ്ടതുമാണ്. സന്നദ്ധ സംഘടനകളുടെ സഹായം തേടുന്നതിനുള്ള സാധ്യതകളും പരിഗണിക്കാവുന്നതാണ്.
5. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയായ ജി.ഒ. (ആർ.ടി) 3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
6. ആവശ്യകത വിലയിരുത്തി മാത്രം തുക വകയിരുത്തേണ്ടതും ആയതിൽ നിന്ന് പരമാവധി തുക ചെലവഴിക്കേണ്ടതുമാണ്.

## 3-7 അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിലെ പ്രവർത്തന പരിധിയിൽ ആകെ 21അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയ്ക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/ 2011തസ്വഭവ 22.3.2011പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.
2. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

3. സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി. സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അംഗണവാടികൾക്കും ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ അങ്കണവാടികൾക്കും (21 എണ്ണം) ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 21 |
| 2 | ജീവനക്കാരുടെ എണ്ണം (വർക്കർ, ഹെൽപ്പർ) | 21+21 |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 2 |
| 4 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | ഇല്ല |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 6 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 21 |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 09 |
| 8 | ഫാൻ ഇല്ലാത്തവ | ഇല്ല |
| 9 | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് ഇല്ലാത്തവ | 21 |
| 10 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 21 |
| 11 | ചുറ്റ് മതിൽ ഇല്ലാത്തവ | 03 |
| 12 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 01 |
| 13 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല |

സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.

2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ്, എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റ് മതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

4. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്ക് എടുക്കുവാൻ പാടുള്ളൂ.

5. കുടിവെള്ള സംവിധാനത്തിന്റെ പോരായ്മ ദൂരീകരിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

കൂടാതെ അങ്കണവാടികളിലെ ഭൗതിക സാഹചര്യം വിലയിരുത്തി തയാറാക്കിയ മേൽ സൂചിത പട്ടികയിൽ ചൂണ്ടി കാണിച്ചിരിക്കുന്ന മറ്റ് പോരായ്മകൾ ദൂരീകരിക്കുവാനുള്ള പരിഹാര നടപടികൾ കൂടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-9 ആയുർവ്വേദ മരുന്നുകൾ കൃത്യസമയത്ത് ലഭ്യമാകുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ആയുർവേദം)
പ്രൊജക്ട് നം. – 235/2017

ആയുർവേദ മെഡിക്കൽ ഓഫീസർ 12.1.2017ന് ബിൽ നം. 1/2016-17 പ്രകാരം പിൻലിച്ച രണ്ട് ലക്ഷം രൂപ യഥാക്രമം GADയ്ക്കും, 25.3.2017ന് ബിൽ നം.2/2016-17 പ്രകാരം 2 ലക്ഷം രൂപയ്ക്ക് NHM ഡിസ്പെൻസറിക്കും മരുന്നുകൾ വാങ്ങുവാനായി ഔഷധിക്ക് നല്കിയിട്ടുണ്ട്. ആയതിൽ NHMന് 84308/-രൂപയ്ക്കും GADയ്ക്ക് 97098/-രൂപയ്ക്കും മാത്രമാണ് മരുന്നുകൾ ലഭ്യമായിരിക്കുന്നത്. അവശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (പെർഫോർമാ ഇൻവോയ്സ് നമ്പർ 4831/28.2.17 & 1886/17.3.2017)

## 3-10 2015-16ലെ ഹോമിയോ മരുന്നുകൾ ഇന്നേവരെയും ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
പ്രൊജക്ട് നം. – 77/2017

2015-16 സാമ്പത്തിക വർഷത്തിൽ ഇന്റന്റ് പ്രകാരം ആവശ്യപ്പെട്ട ഹോമിയോ മരുന്നുകൾ 2016-17ഓഡിറ്റ് കാലയളവിൽക്കൂടി സ്ഥാപനത്തിന് ലഭ്യമായിട്ടില്ല. ആയത് കരാറിന്റെ ലംഘനമാണ്.കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഡി.ഡി നം.11580201, dt 26.3.16പ്രകാരം 150000/-രൂപ ഹോംകോ ആലപ്പുഴയ്ക്ക് 20.5.2016 ന് നല്കിയതിൽ ഇൻവോയ്സ് നം. 3963,4518 dt 21.4.2017 പ്രകാരം 69280/-രൂപയുടെ മരുന്നുകൾ മാത്രമാണ് തച്ചമ്പാറ ആയുഷ് ഹോമിയോ ഡിസ്പെൻസറിക്ക് ലഭ്യമായിരിക്കുന്നത്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ടി വിവരം ഭരണവകുപ്പിനെയും സർക്കാരിനെയും അറിയിക്കേണ്ടതും മറ്റ് ഇതര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000/- | ചേനമ്പാറകുടി കുടിവെള്ള പദ്ധതി (29/17) | 300000/- | -0- |
| ജില്ലാ പഞ്ചായത്ത് | 20000/- | ശ്മശാന നിർമ്മാണം (26/17) | -0- | -0- |
| സംസ്ഥാന വിഹിതം | 1100000/- | ശ്മശാന നിർമ്മാണം (26/17) | 785634/- | 314366/- |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരളാ ജല അതോറിട്ടി | പള്ളിക്കുന്ന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (101/17) | 200000/- | -0- | 200000/- |
| -do- | ചോലകുന്ന്കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (103/17) | 200000/- | -0- | 200000/- |
| -do- | ആലകുന്ന്-ഇടച്ചോല -നീലാഞ്ചേരി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(104/17) | 200000/- | -0- | 200000/- |
| -do- | മുള്ളത്ത്പ്പാറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (105/17) | 200000/- | -0- | 200000/- |
| -do- | മുള്ളത്ത്പ്പാറ-കാരക്കാട് | 150000 | -0- | 150000 |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (204/17) | | | |
| -do- | ഉഴന്ന് പറമ്പ് ക്ലിനിക്ക്-ക്കുറ്റംമ്പാടം റോഡ്കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (205/17) | 150000/- | -0- | 150000/- |
| -do- | മമ്പോക്ക്,തോടംകുളം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(206/17) | 150000/- | -0- | 150000/- |
| -do- | ഉഴന്ന് പറമ്പ് കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (207/17) | 150000/- | -0- | 150000/- |
| -do- | ചോലയിൽകുന്ന്കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (208/17) പൊന്നംകോട്-മലയരുകുന്ന് കോളനികുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(209/17) | 150000/- | -0- | 150000/- |
| -do- | മുരിങ്ങേനികുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (210/17) | 150000/- | -0- | 150000/- |
| -do- | എടച്ചോല,നെട്ടമണ്ണ്-ആലകുന്ന് റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (211/17) | 150000/- | -0- | 150000/- |
| -do- | പുത്തംകുളം - നീലാഞ്ചേരി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (212/17) | 150000/- | -0- | 150000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 .(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

2016-17- വായ്പ ഇല്ല

## 4-4 (ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരി ച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS-Loan | 3568/10തസ്വഭവ/ 15.11.10 | 13517000/- | 5090186 | 1459650 | -- | 3630536 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41902148 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40783568 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 740000/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 80,000 | കണ്ണമ്മ, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-3 | 6,60,000 | വി.ചിത്രാ പ്രസന്നൻ, അസി സെക്രട്ടറി |
| ആകെ | 740000 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP4/50/02/22.01.02 | പുനരഭിപ്രായം |
| 1997-98 | LFP4/51/02/22.01.02 | പുനരഭിപ്രായം |
| 1998-99 | LFP9/681/04/18.08.04 | പുനരഭിപ്രായം |
| 1999-00 | LFP9/186/05/28.01.06 | പുനരഭിപ്രായം |
| 2000-01 | LFP9/180/07/14.02.08 | പുനരഭിപ്രായം |
| 2001-02 | LFP9/48/09/18.11.10 | പുനരഭിപ്രായം |
| 2002-03 | LFP9/48/09/20.12.10 | പുനരഭിപ്രായം |
| 2003-04 | LFP9/2180/13/30.12.13 | പുനരഭിപ്രായം |
| 2004-05 | LFP9/2181/13/30.12.13 | പുനരഭിപ്രായം |
| 2005-06 | LFP9/2182/13/30.12.13 | പുനരഭിപ്രായം |
| 2006-07 | LFP9/2183/13/30.12.13 | പുനരഭിപ്രായം |
| 2007-08 | LFP9/1797/13/13.12.13 | പുനരഭിപ്രായം |
| 2008-09<br>2009-10<br>2010-11 | LFP9/1629/13 | പുനരഭിപ്രായം |
| 2011-12 | LFP9/308/14/21.03/14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | LFP9/222/15/10.3.15 | -ടി- |
| 2013-14 & 2014-15 | നം.കെ.എസ്.എ-പികെഡി 9/1011/16 തീ.14-7-16 | -ടി- |
| 2015-16 | നം.കെ.എസ്.എ-പി.കെ.ഡി. 9-223/2017 തീ.8.2.2017 | -ടി- |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

# 1

## അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ

നം.കെ.എസ്.എ-പികെഡി9/1745/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -13-11-2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD9/1745/2017

Kerala State Audit Department

District Audit Office

Palakkad

Date -13-11-2017

## Audit Certificate

Certified that I have audited the Annual Financial Statement of Thachampara Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thachampara Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.
2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.
3. Even though the Budget is prepared on Function, Functionary basis, it is not linked with Sankhya.

Deputy Director